## പതിനാലാം കേരളനിയമസഭ
## പത്തൊൻപതാം സമ്മേളനം

**നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം:2872** **13.03.2020 -ൽ മറുപടിയ്ക്ക്**

### ഗൃഹശ്രീ പദ്ധതി

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ.സണ്ണി ജോസഫ് :** | | **ശ്രീ. ഇ. ചന്ദ്രശേഖരൻ (ബഹു. റവന്യൂവും ഭവന നിർമ്മാണവും വകുപ്പുമന്ത്രി)** | |
| (എ) | മുൻ യു.ഡി.എഫ്. സർക്കാരിന്റെ കാലത്ത് ഭവന നിർമ്മാണ വകുപ്പ് മുഖാന്തരം ആവിഷ്കരിച്ച ഗൃഹശ്രീ പദ്ധതി നിലവിലുണ്ടോ എന്നറിയിക്കാമോ; | (എ) | ഭവന നിർമ്മാണ വകുപ്പ് മുഖാന്തിരം ആവിഷ്കരിച്ച ഗൃഹശ്രീ പദ്ധതി ഇപ്പോഴും നിലവിലുണ്ട്. |
| (ബി) | പ്രസ്തുത പദ്ധതിപ്രകാരം ഗുണഭോക്താക്കൾക്ക് ഭവന നിർമ്മാണത്തിന് എത്ര ലക്ഷം രൂപയാണ് സബ്സിഡി നൽകുകയെന്നും അതിനുള്ള മാനദണ്ഡം എന്താണെന്നും വ്യക്തമാക്കാമോ; | (ബി) | സ്വന്തമായി 2 സെന്റ്/3 സെന്റ് ഭൂമിയെങ്കിലും കൈവശമുള്ള ദുർബല വിഭാഗം (EWS)/താഴ്ന്ന വരുമാന വിഭാഗത്തിൽ (LIG) പ്പെട്ടവർക്ക് സന്നദ്ധസംഘടന /എൻ.ജി.ഒ/കാരുണ്യവാന്മാരായ വ്യക്തികൾ എന്നിവരുടെ സഹകരണത്തോടെ വീട് നിർമ്മാണത്തിനായി 2 ലക്ഷം രൂപ സർക്കാർ സബ്സിഡി നൽകുന്ന പദ്ധതിയായ ഗൃഹശ്രീ ഭവന പദ്ധതി കേരള സർക്കാരിനു വേണ്ടി, ഹൗസിംഗ് ബോർഡ് മുഖേന നടപ്പിലാക്കി വരുന്നു. ബോർഡ് നിഷ്കർഷിച്ചിട്ടുള്ള അർഹതാ മാനദണ്ഡങ്ങൾക്കനുസരിച്ച് തെരഞ്ഞെടുക്കപ്പെടുന്ന ദുർബല/താഴ്ന്ന വരുമാന വിഭാഗത്തിൽപ്പെട്ട ഗുണഭോക്താക്കൾ 1 ലക്ഷം രൂപയും അവരെ സ്പോൺസർ ചെയ്യുന്ന സന്നദ്ധ സംഘടന/എൻ.ജി.ഒ/കാരുണ്യവാന്മാരായ വ്യക്തികൾ എന്നിവർ 1 ലക്ഷം രൂപയും ഈ പദ്ധതിയിൽ നിക്ഷേപിക്കേണ്ടതാണ്. നിർമ്മാണ പുരോഗതി കണക്കിലെടുത്ത് 4 ലക്ഷം രൂപ 4 ഗഡുക്കളായി ഗുണഭോക്താക്കൾക്ക് അനുവദിക്കുന്നതാണ്. ടി വിഭാഗക്കാരുടെ വാർഷിക വരുമാന പരിധി 1 ലക്ഷം രൂപയായി നിശ്ചയിച്ചിട്ടുണ്ട്. സന്നദ്ധ സംഘടനകൾ/ NGO സ്പോൺസർ ചെയ്യാൻ തയ്യാറായിട്ടുള്ള ഗുണഭോക്താക്കളുടെ എണ്ണം പട്ടികയിൽ നിന്നും പദ്ധതിക്കായി നിഷ്കർഷിച്ചിട്ടുള്ള വിഭാഗത്തിലും വരുമാന പരിധിയിലും പെട്ട യോഗ്യരായവരെ അർഹതാ മാനദണ്ഡം പരിശോധിച്ച് ബോർഡ് നിഷ്കർഷിച്ചിട്ടുള്ള ചുവടെ ചേർത്തിരിക്കുന്ന |

രേഖകളുടെ അടിസ്ഥാനത്തിലാണ് ഗുണഭോക്താക്കളെ തെരഞ്ഞെടുക്കുന്നത്.

1. ഫോട്ടോ പതിച്ച തിരിച്ചറിയൽ കാർഡിന്റെ സ്വയം സാക്ഷ്യപ്പെടുത്തിയ പകർപ്പ്.

2. വരുമാന സർട്ടിഫിക്കറ്റ് (വില്ലേജ് ഓഫീസറിൽ നിന്നും).

3. വസ്തു കൈവശാവകാശ സർട്ടിഫിക്കറ്റ് ലൊക്കേഷൻ മാപ്പ് സഹിതം (വില്ലേജ് ഓഫീസറിൽ നിന്നും).

4. വസ്തുവിന്റെ പ്രമാണം (സ്വയം സാക്ഷ്യപ്പെടുത്തിയ പകർപ്പ്).

5. റേഷൻ കാർഡിന്റെ പകർപ്പ് (സ്വയം സാക്ഷ്യപ്പെടുത്തിയത്).

6. 13 വർഷത്തെ കുടികട സർട്ടിഫിക്കറ്റ്.

7. ഭവന രഹിതനാണെന്നതിന് വില്ലേജ് ഓഫീസറിൽ/പഞ്ചായത്ത് സെക്രട്ടറിയിൽ നിന്നുള്ള സർട്ടിഫിക്കറ്റ്.

8. ഭവന നിർമ്മാണത്തിനായി മുമ്പ് സർക്കാർ ധനസഹായം ലഭ്യമായിട്ടില്ല എന്ന് കാണിക്കുന്ന വില്ലേജ് ഓഫീസറുടെ സർട്ടിഫിക്കറ്റ്.

9. പോക്കു വരവ് ചെയ്ത ശേഷം കരം ഒടുക്കിയ രസീതും, തണ്ടപ്പേർ സർട്ടിഫിക്കറ്റും.

10. ബാങ്ക് പാസ്സ് ബുക്കിന്റെ അക്കൗണ്ട് നമ്പരും, പേരും, വ്യക്തമാക്കുന്ന പേജിന്റെ ഫോട്ടോ കോപ്പി.

11. ജാതി തെളിയിക്കുന്ന സർട്ടിഫിക്കറ്റ് (SC/ST വിഭാഗത്തിന് മാത്രം).

(സി) ഈ പദ്ധതി പ്രകാരം 2013-14 മുതൽ 2015-16 വരെ എത്ര വീടുകൾക്ക് ധനസഹായം നൽകി എന്നറിയിക്കാമോ;

(സി) ഗൃഹശ്രീ പദ്ധതി പ്രകാരം 2013-14 മുതൽ 2015-16 വരെയുള്ള കാലയളവിൽ 2013 വീടുകൾക്ക് ധനസഹായം നൽകിയിട്ടുണ്ട്.

(ഡി) ഈ സർക്കാർ കാലയളവിൽ ഗൃഹശ്രീ പദ്ധതിയിൽ ഉൾപ്പെടുത്തി ഇതിനകം എത്രപേർക്ക് വീട് വയ്ക്കുന്നതിനായി തുക അനുവവദിച്ചു എന്ന് വെളിപ്പെടുത്തുമോ;

(ഡി) ഈ സർക്കാർ കാലയളവിൽ ഗൃഹശ്രീ പദ്ധതിയിൽ ഉൾപ്പെടുത്തി ഇതിനകം 1330 പേർക്ക് വീട് വയ്ക്കുന്നതിനായി തുക അനുവദിച്ചു.

(ഇ) ഗൃഹശ്രീ പദ്ധതിക്ക് 2020-21 ലെ ബജറ്റിൽ എന്ത് തുകയാണ് വകയിരുത്തിയിട്ടുള്ളതെന്ന് വ്യക്തമാക്കാമോ?

(ഇ) ഗൃഹശ്രീ പദ്ധതിക്ക് 2020-21 ബഡ്ജറ്റിൽ 20 കോടി രൂപയാണ് വകയിരുത്തിയിട്ടുള്ളത്.

Subha S

സെക്ഷൻ ഓഫീസർ